# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 522 — 01.12.2015-ലെ മറുപടിയ്ക്ക്

## സഹകരണ സ്ഥാപനങ്ങളിലെ അഡ്മിനിസ്ട്രേറ്റർ ഭരണം

**ചോദ്യം**

ശ്രീമതി.കെ.കെ.ലതിക

**മറുപടി**

ശ്രീ.സി.എൻ.ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മൂന്ന് (3) വർഷത്തിലധികമായി അഡ്മിനിസ്ട്രേറ്റർ ഭരണമോ അഡ്മിനിസ്ട്രേറ്റർ കമ്മിറ്റി ഭരണമോ നടക്കുന്ന എത്ര സഹകരണ സ്ഥാപനങ്ങൾ ഉണ്ടെന്ന് ജില്ല തിരിച്ച കണക്ക് ലഭ്യമാക്കുമോ;

(എ) 282 സഹകരണ സ്ഥാപനങ്ങൾ ഉണ്ട്. അവയുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 27 |
| കൊല്ലം | 18 |
| പത്തനംതിട്ട | 6 |
| ആലപ്പുഴ | 60 |
| ഇടുക്കി | 6 |
| കോട്ടയം | ഇല്ല |
| എറണാകുളം | 21 |
| തൃശ്ശൂർ | 120 |
| പാലക്കാട് | ഇല്ല |
| മലപ്പുറം | 4 |
| കോഴിക്കോട് | 9 |
| വയനാട് | 4 |
| കണ്ണൂർ | 1 |
| കാസർഗോഡ് | 6 |
| ആകെ | 282 |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത സംഘങ്ങളിൽ ഇക്കാലയളവിൽ ജീവനക്കാരെ നിയമിക്കുകയോ പുതിയ മെമ്പർമാരെ ചേർക്കുകയോ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത സംഘങ്ങളിൽ ജീവനക്കാരെ നിയമിച്ചതിന്റെയും പുതിയ മെമ്പർമാരെ ചേർത്തതിന്റെയും വിവരം ചുവടെ ചേർക്കുന്നു.<br>1. കോഴഞ്ചേരി താലൂക്കിൽ ഉൾപ്പെട്ട കുളനട സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 2133 ൽ ബഹു.ഹൈക്കോടതി അംഗീകരിച്ച പുനരുദ്ധാരണ പദ്ധതിയുടെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിൽ നിന്നും രണ്ട് ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിച്ചിട്ടുള്ളതാണ്.<br>2. ഇടുക്കി ജില്ലയിലെ അരിക്കുഴ സർവ്വീസ് സഹകരണ ബാങ്കിൽ 113 അംഗങ്ങളെ ചേർക്കുകയും പ്യൂൺ തസ്തികയിലേയ്ക്ക് ഒരു നിയമനം നടത്തുകയും, ഇടുക്കി ജില്ലാ മോട്ടോർ എംപ്ലോയീസ് സഹകരണ സംഘത്തിൽ ഒരു അംഗത്തിനെ ചേർക്കുകയും ചെയ്തിട്ടുണ്ട്.<br>3. തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന കോ-ഓപ്പറേറ്റീവ് ഇൻഷ്വറൻസ് സൊസൈറ്റിയിൽ 159 അംഗങ്ങളെ ചേർക്കുകയും, 16 ജീവനക്കാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.<br>4. വടകര സഹകരണ റൂറൽ ബാങ്കിൽ കോൺട്രാക്ട് |

അടിസ്ഥാനത്തിൽ ഒരു
ഡാറ്റാ എൻട്രി
ഓപ്പറേറ്ററെ
നിയമിച്ചിട്ടുണ്ട്. കൂടാതെ
ടി ബാങ്കിൽ 3132
പേർക്ക് അംഗത്വം
നൽകിയിട്ടുണ്ട്. ആയത്
സംബന്ധിച്ച്
ബഹു.സുപ്രീം
കോടതിയിൽ കേസ്
നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ